## ശ്രദ്ധക്ഷണിക്കൽ

### പാചകവാതക ദൗർലഭ്യം

ശ്രീ. പി. കെ. ബഷീർ: സർ, ഗുരുതരമായ വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. മലബാറിൽ മാസങ്ങളായി പാചക വാതക വിതരണം വളരെ പ്രതിസന്ധിയിലാണ്. ചേളാരി ഐ.ഒ.സി. ബോട്ട് ലിംഗ് പ്ലാന്റിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന സമരങ്ങൾ പരിഹരിക്കാത്തതുമൂലം പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള മൂന്ന് ലക്ഷത്തോളം ഉപഭോക്താക്കൾ ഗ്യാസ് ലഭിക്കാതെ കഷ്ടപ്പെടുകയാണ്. ഇപ്പോൾ മലബാറിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ ജില്ലയുടെ പകുതി ഭാഗം വരെയുള്ള പ്രദേശങ്ങളിൽ ഐ.ഒ.സി.-യുടെ ഏജൻസികളായിട്ടുള്ള ഉപഭോക്താക്കൾക്ക് മൂന്ന് മാസമായി ഗ്യാസ് ലഭിക്കുന്നില്ല. ചേളാരി ബോട്ട്ലിംഗ് പ്ലാന്റിൽ 40 ദിവസമാണ് സമരം ഉണ്ടായത്. ഒരു ദിവസത്തെ സമരം കൊണ്ടുതന്നെ ഒരു മാസത്തേയ്ക്കുള്ള ഗ്യാസ് ബോട്ട് ലിംഗ് ചെയ്യാത്ത അവസ്ഥ ഉണ്ടായി. പല ഘട്ടങ്ങളിലായി 40 ദിവസങ്ങളിൽ സമരം ഉണ്ടായി. ആ സമരം തീർക്കുന്നതിനുവേണ്ടി താൽക്കാലികമായിട്ടുള്ള തീരുമാനങ്ങൾ എടുത്തുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. അതുകൊണ്ട് അക്കാര്യത്തിൽ ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും ബഹുമാന്യനായ മുഖ്യമന്ത്രിയും ഇടപെട്ട് അവിടത്തെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന്

വേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് ശ്രദ്ധക്ഷണിക്കലി ലൂടെ പറയാനുള്ളത്. അതുപോലെതന്നെ കരാറുകാരും തൊഴിലാളികളും തമ്മിലുള്ള പ്രശ്നം ഇപ്പോഴും അവിടെ നിലനിൽക്കുകയാണ്. എന്ന് വേണമെങ്കിലും സമരം വീണ്ടും ഉണ്ടാകാം. രണ്ടാഴ്ച കഴിഞ്ഞാൽ വീണ്ടും സമരം അതാണ് അവിടത്തെ സ്ഥിതി. ബഹുമാന്യനായ സുഹൃത്ത് കെ. എൻ. എ. ഖാദറിന്റെ മണ്ഡലത്തിലാണ് ചേളാരി ബോട്ട്ലിംഗ് പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. രാജ്യത്ത് മറ്റൊരിടത്തുമില്ലാത്ത തരത്തിലുള്ള സമര പരമ്പരയാണ് ചേളാരി പ്ലാന്റിൽ നടക്കുന്നത്. ഒരു പ്രാവശ്യം ലോറി തൊഴിലാളികളാണെങ്കിൽ പിന്നീട് താൽക്കാലികമായി കരാറെടുത്ത തൊഴിലാളികൾ തമ്മിലായിരിക്കും സമരം.  സിലിണ്ടർ കിട്ടാനില്ലാത്തതുകൊണ്ട് കരിഞ്ചന്തയിൽ നിന്ന് സിലിണ്ടർ വാങ്ങേണ്ടി വരികയാണ്. മലബാറിലെ ആളുകൾ സബ്സിഡി ഇല്ലാത്ത സിലിണ്ടറുകൾ മൂന്നിരട്ടി തുക കൊടുത്താണ് വാങ്ങുന്നത്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ സ്ഥിരമായി അടിയന്തര നടപടി സ്വീകരിക്കണം. അതുപോലെതന്നെ വൈദ്യുതി മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഞാൻ ഒരു കാര്യം കൊണ്ടുവരികയാണ്. ഗ്യാസ്  ഇല്ലാത്തതിനാൽ ഇൻഡക്ഷൻ കുക്കറുകളുടെ ഉപയോഗം വർദ്ധിച്ചത് വൈദ്യുതി ബോർഡിനെ പ്രതിസന്ധിയിലാക്കുന്ന അവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ചേളാരി ബോട്ട്ലിംഗ് പ്ലാന്റിനോട് അനുബന്ധിച്ച് കരാറുകാരും-തൊഴിലാളികളും തമ്മിലുള്ള പ്രശ്നങ്ങൾ, ലോറിക്കാരുമായുള്ള പ്രശ്നങ്ങൾ ഇതിനെല്ലാം  ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകണം. ഇത് മല

ബാറിൽ മാത്രമേ ഇത്തരം പ്രശ്നങ്ങളുള്ളൂ. ഐ.ഒ.സി.-യുടെ സിലിണ്ടർ ലഭിക്കാൻ മൂന്ന് മാസത്തെ സമയം വേണ്ടിവരുന്നു. എച്ച്.പി.സി., ബി.പി.സി. പോലുള്ള മറ്റ് ഏജൻസികളാണെങ്കിൽ 10 ദിവസം കൊണ്ട് സിലിണ്ടർ ലഭിക്കുന്നുണ്ട്. അതിനൊരു പരിഹാരം കാണുന്നതിനും ചേളാരി പ്ലാന്റിലുള്ള ഐ.ഒ.സി. ബോട്ട്ലിംഗ് പ്ലാന്റിലെ പ്രശ്നങ്ങൾ തീർത്ത് മലബാറിലെ പാചക വാതകത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, മലബാർ മേഖലയിൽ പാചകവാതകത്തിന് അനുഭവപ്പെടുന്ന ക്ഷാമത്തിന് പ്രധാനകാരണം ബോട്ട്ലിംഗ് പ്ലാന്റുകളിലെ കരാർ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ചേളാരി ബോട്ട്ലിംഗ് പ്ലാന്റിൽ നിന്നാണ് മലബാർ മേഖലയിൽ പ്രധാനമായും എൽ.പി.ജി. വിതരണം നടത്തുന്നത്. അവിടെ തൊഴിലാളി സമരംമൂലം പല ദിവസങ്ങളിലും പ്ലാന്റ് പ്രവർത്തിക്കാതിരിക്കുന്നതുകൊണ്ട് വിതരണം മുടങ്ങിയിട്ടുണ്ടെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സംസ്ഥാനതല കോ-ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലപ്പുറം ചേളാരി ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പ്ലാന്റിൽ നടക്കുന്ന തൊഴിലാളിപ്രശ്നം റീ-ഫില്ലിംഗ് ജോലികളെ സാരമായി

ബാധിക്കുന്നതിനാലാണ് ഇൻഡ്യൻ സിലിണ്ടറുകൾ യഥാസമയം ലഭ്യമാകാത്തത്. വടക്കൻ കേരളത്തിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ പാചകവാതകം വിതരണം ചെയ്യുന്നത് പ്രധാനമായും മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന ഈ ബോട്ട്ലിംഗ് പ്ലാന്റിൽ നിന്നാണ്. അവിടത്തെ ഒരുകൂട്ടം കോൺട്രാക്ട് തൊഴിലാളികളുടെ സമരംമൂലം ഒക്ടോബർ മാസത്തിൽ പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. പ്ലാന്റിലെ സമരവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ നിരവധി യോഗങ്ങളും അനുരഞ്ജന മീറ്റിംഗുകളും വിളിച്ചുചേർത്തിരുന്നു. 18.02.2013-ൽ വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികൾ, ഐ.ഒ.സി. പ്രതിനിധികൾ, കരാർ ഉടമകളുടെ പ്രതിനിധികൾ എന്നിവരുമായി നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സമരം അവസാനിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ബോട്ട്ലിംഗ് നടക്കുന്നുണ്ട്. കരാറുകാരും തൊഴിലാളികളും തമ്മിലുള്ള തർക്കം പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പക്ഷേ തടസ്സം കൂടാതെ ബോട്ട്ലിംഗ് നടക്കുന്നുണ്ട്. അതിന്റെ വിതരണവും ആരംഭിച്ചിട്ടുണ്ട്. മലപ്പുറം കളക്ടർ ഇതുമായി ബന്ധപ്പെട്ട് നിരന്തരം മോണിറ്റർ ചെയ്യുന്നുണ്ട്. മാത്രമല്ല അദ്ദേഹം ചെയർമാനായിട്ടുള്ള ഡിസ്ട്രിക്ട് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യം ലോറി തൊഴിലാളികൾ സമരത്തിലേയ്ക്ക് പോകും; അതുകഴിഞ്ഞ് മറ്റ് ബോട്ട്ലിംഗ് തൊഴിലാളികൾ

സമരത്തിലേയ്ക്ക് പോകും. അതിങ്ങനെ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇവിടെ ഒരു ഡിസ്ട്രിക്ട് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ച് നിർബന്ധമായും പൂർണ്ണസമയവും പ്രവർത്തിക്കുന്ന നിലയിലേയ്ക്ക് കൊണ്ടുവന്നിരിക്കുന്നത്. അവിടെ മാത്രമല്ല, ബോട്ട്ലിംഗ് പ്ലാന്റുകളുള്ള എറണാകുളം, കോഴിക്കോട്, കൊല്ലം, തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിലും ഇതേതരത്തിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. അതോടൊപ്പംതന്നെ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് സെൻട്രൽ അസിസ്റ്റന്റ് ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ കൊച്ചിയിൽ വച്ച് ഒരു അനുരഞ്ജന ചർച്ച നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ പൂർണ്ണമായ നിലയിൽ ഇംപ്ലിമെന്റ് ചെയ്യിക്കും. പിന്നോട്ടു പോകുന്ന ഒരു സാഹചര്യവും ഗവൺമെന്റ് ഒരു കാരണവശാലും അനുവദിക്കുകയില്ല.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ബഹുമാനപ്പെട്ട ബഷീർ പറഞ്ഞത് വളരെ ശരിയാണ്. അവിടെ ഇടയ്ക്കിടയ്ക്ക് സമരം വരുന്നുണ്ട്. ആ സമരത്തിന്റെ ഫലമായി ഇൻഡക്ഷൻ കുക്കറും ബാക്കിയുള്ളതും ........... കുക്കിംഗ് തന്നെ പവറിലേയ്ക്ക് പോകുന്നു. അതിന്റെ ഫലം വളരെ പ്രയാസം തന്നെയാണ്. ഇതിന്റെ ഒരു പ്രധാനകാരണം അവിടെ കളക്ടർ യോഗം വിളിച്ചുകൂട്ടി വേജ് ഇന്റർ റിലീഫ് തീരുമാനിച്ചു. അത് കൊടുക്കാൻ ഐ.ഒ.സി.യും കോൺട്രാക്ടേഴ്സും

തയ്യാറായില്ല. ഇതാണ് വസ്തുത. കൊല്ലത്തും എറണാകുളത്തും അത് നടപ്പാക്കിയെങ്കിലും മലപ്പുറം കളക്ടർ കോൺഫറൻസ് വിളിച്ചുകൂട്ടി എടുത്ത തീരുമാനം നടപ്പാക്കാത്തതുകൊണ്ടാണ് ഈ സമരം ഉണ്ടായത്. അതുകൊണ്ട് ആ കാര്യംകൂടി മനസ്സിലാക്കണം എന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഈ പ്രശ്നം കൊണ്ട് രണ്ട് മൂന്ന് മാസം കഴിഞ്ഞാണ് ഗ്യാസ് ലഭിക്കുക. തൽക്കാലം ഈ ഉപഭോക്താക്കളെ എച്ച്.പി.എൽ. യ്ക്കോ ബി.പി.എൽ. യ്ക്കോ മാറ്റുന്നതിനായി സർക്കാരിന് മുൻകൈ എടുക്കാൻ സാധിക്കുമോ; അതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ആ വിഷയം തീർച്ചയായും പരിശോധിക്കും. അതിന്റെ വിതരണം സുഗമമായ നിലയിൽ കൊണ്ടുപോകാനുള്ള എല്ലാ നിർദ്ദേശങ്ങളും പരിശോധിച്ച് അതിന് നടപടി എടുക്കാം. കളക്ടർ എടുത്ത തീരുമാനങ്ങൾ നിർബന്ധമായും ബന്ധപ്പെട്ട കോൺട്രാക്ടേഴ്സ് പാലിക്കുക തന്നെ വേണം. നിർബന്ധമായും ആ ഓർഡർ ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കും.

### (2) <u>**റവന്യൂ റിക്കവറി നടപടികൾ**</u>

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ 25,000 രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളാൻ തീരുമാനിച്ചിരുന്നു. ഇതിനുവേണ്ടി 77,28,34,000 രൂപ

അന്നത്തെ സർക്കാർ പദ്ധതിയുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ച സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ടി.പി. അക്കൗണ്ടിൽ നിക്ഷേപിച്ചു. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000 രൂപവരെയുള്ളത് എഴുതി ത്തള്ളാനായിരുന്നു 12-11-2009-ൽ അന്നത്തെ സർക്കാർ ഉത്തരവിട്ടത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പകൾ എഴുതിത്തള്ളുന്നതിന് സഹകരണ രജിസ്ട്രാർക്ക് 68,74,57,814 രൂപ അനുവദിച്ചു. കൂടാതെ ഇതേ ആവശ്യത്തിന് പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന് 13,47,571 രൂപയും വനിതാ വികസന കോർപ്പറേഷന് 2,61,946 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 4,10,28,555 രൂപയും കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്നു. പദ്ധതിയുടെ കാലാവധി 30-06-2012 ആയി ദീർഘിപ്പിച്ചെങ്കിലും ഒരു രൂപ പോലും പുതിയതായി അനുവദിച്ചില്ല. 4,27,38,104 രൂപ അക്കൗണ്ടിൽ അവശേഷിക്കുമ്പോഴാണ് വായ്പകൾ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങളുടെ അഞ്ചും ആറും സെന്റ് ഭൂമി ജപ്തി ചെയ്യാൻ ഒരുങ്ങുന്നത്. പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചതിനെത്തുടർന്ന് 7427 പേരിൽ നിന്ന് 5,37,29,246 രൂപയുടെ ക്ലെയിം സഹകരണ സ്ഥാപന

ങ്ങൾക്ക് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഒരു കോടിയോളം രൂപ അനുവദിച്ചാൽ ഇത്രയും പേരുടെ ജപ്തി ഭീഷണി ഒഴിവാക്കും. ഇതിന് ഒരു നടപടിയും സർക്കാർ സ്വീകരിച്ചതായി കാണുന്നില്ല. കഴിഞ്ഞ ദിവസം കോഴിക്കോട് ജില്ലയിലെ താമരശ്ശേരി റൂറൽ ഹൗസിംഗ് സഹകരണസംഘത്തിൽ നിന്ന് 2005-ൽ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ നാലുപേർക്ക് ജനുവരി 4-ന് ജപ്തി നോട്ടീസ് നൽകിയിരുന്നു. 23-ന് അവർ എന്നെ കാണാൻ വന്നിരുന്നു. അവർ സർക്കാരിനും അപേക്ഷ നൽകിയിരുന്നു. ഇങ്ങനെ നിരവധി ആളുകൾക്ക് ഈ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടായിട്ടും സർക്കാരിന്റെ നിലപാട് മൂലം ദുരിതമനുഭവിക്കുകയാണ്.

<u>മി. സ്പീക്കർ</u>: സഭയിൽ പുറംതിരിഞ്ഞ് നിൽക്കരുതെന്ന് പല പ്രാവശ്യം ........പ്ലീസ്...........പ്ലീസ്.........സഭയിൽ പുറംതിരിഞ്ഞ് നിൽക്കരുതെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെയുള്ള ആളുകൾക്ക് ഇത് ബാധകമാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇത് പാവപ്പെട്ട പട്ടികജാതിക്കാരുടെ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട പ്രധാനമായ പ്രശ്നമാണ്. ഇത് സഭ മൊത്തത്തിൽ ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള 25,000 രൂപ എഴുതി ത്തള്ളൽ 50,000 രൂപയായി ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ഈ തീരുമാനവും ഇപ്പോൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. മാത്രമല്ല, പിഴപ്പലിശയും പലിശയുടെ 50 ശതമാനവും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും

പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാത്രമാണ് അത് നടപ്പിലാക്കിയത്. സഹകരണ സ്ഥാപനങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ ഈ ആനുകൂല്യം ഇതുവരെയും നൽകി ഉത്തരവായിട്ടുമില്ല. കോർപ്പറേഷന് ഈ ഇനത്തിൽ ചെലവായ 88 ലക്ഷംരൂപ ഇതുവരെ സർക്കാർ നൽകിയിട്ടുമില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പലരും ലോൺ എടുത്ത് ആത്മഹത്യയുടെ വക്കിലാണ്. ആയതിനാൽ പട്ടികജാതി വിഭാഗങ്ങൾ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും സർക്കാർ മൊറട്ടോറിയം പ്രഖ്യാപിക്കണം. ഇതര കർഷകർക്ക് അത് പ്രഖ്യാപിച്ചിട്ടുണ്ട്. എഴുതിത്തള്ളുന്ന വായ്പയുടെ പരിധി 25,000 രൂപയിൽ നിന്ന് 1,00,000 രൂപയായി ഉയർത്തണം. പലിശ, പിഴപ്പലിശ എന്നിവ പൂർണ്ണമായും എഴുതിത്തള്ളുകയും മുതലിന് ഗഡുക്കൾ അനുവദിക്കുകയും വേണം. കുടിശ്ശികത്തീയതി ദീർഘിപ്പിച്ച് നൽകാനും ഇതിനായി അടിയന്തിയരമായി തുക അനുവദിക്കാനും സർക്കാർ ശ്രദ്ധിക്കണം. അതോടൊപ്പം തന്നെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംസംഗ്രാന്റ് എന്നിവ കൃത്യമായി ലഭിക്കാത്ത പരാതികളും ഇപ്പോൾ കിട്ടുന്നുണ്ട്. എ.ടി.എം. വഴി കൃത്യമായി ഇത് ലഭിക്കുന്നില്ല. പുതിയ ബഡ്ജറ്റിൽ എസ്.സി.പി./ടി.എസ്.പി. ഫണ്ടിന് പുറമേ 10 പൈസ പോലും ബഹുമാനപ്പെട്ട മാണി സാർ പ്രഖ്യാപിച്ചിട്ടില്ല. ഈ വിഭാഗങ്ങളുടെ ആവശ്യങ്ങൾക്ക് ഒരു പരിഗണനയും നൽകിയിട്ടില്ല. ബഡ്ജറ്റ് സപ്പോർട്ടില്ലാതെ വകുപ്പിന്റെ പൂൾഫണ്ടു കൊണ്ടുമാത്രം ഇവ നടപ്പിലാക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നുമില്ല. ഈ സാഹചര്യത്തിൽ

പാവങ്ങളെയെല്ലാം കുടിയിറക്കാൻ നിർബന്ധിക്കപ്പെടുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. അത് മനസ്സിലാക്കിക്കൊണ്ട് ആദ്യം മൊറട്ടോറിയം പ്രഖ്യാപിക്കുക; പലിശ എഴുതിത്തള്ളുക; പിഴപ്പലിശ എഴുതിത്തള്ളുക; മുതലിൽ 1,00,000 രൂപ ഒഴിവാക്കി ബാക്കി വൺ ടൈം സെറ്റിൽമെന്റാക്കിയാൽ നമുക്ക് ഈ പാവങ്ങളെ രക്ഷിക്കാൻ കഴിയും. ഇതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് പറയാനുള്ളത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് കടം എടുത്തിട്ടുള്ളതും കാലാവധി കഴിഞ്ഞതും കുടിശ്ശികയുമായിട്ടുള്ള 25000 രൂപ വരെയുള്ള തുക കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 31-03-2006 വരെയുള്ള കാലയളവിൽ എഴുതിത്തള്ളിയിരുന്നുവെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം എസ്.സി./എസ്.റ്റി. കോർപ്പറേഷൻ, ബാക്ക്‌വേർഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ, പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട കോർപ്പറേഷൻ എന്നിവർ 31-03-2011 വരെ എടുത്തിട്ടുള്ള വായ്പയുടെ പിഴപ്പലിശ പൂർണ്ണമായും പലിശയുടെ 50 ശതമാനവും എഴുതിത്തള്ളാനുള്ള തീരുമാനം എടുത്തു. പരിവർത്തിത ക്രൈസ്തവ

കോർപ്പറേഷന് ആവശ്യത്തിന് പണമില്ലാത്ത സാഹചര്യത്തിൽ ക്യാബിനറ്റ് കൂടിയാണ് അതിനുവേണ്ടി പണം അനുവദിച്ചത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ തീർച്ചയായും വളരെ ഗൗരവത്തോടുകൂടിത്തന്നെ നോക്കിക്കാണുന്ന കാര്യമാണ്. 2006 വരെയുള്ള 25,000 രൂപയും അതിന്റെ പലിശയും പിഴപ്പലിശയുമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എഴുതിത്തള്ളാനുള്ള തീരുമാനമെടുത്തതും നടപ്പാക്കിയതും. ഈ ഗവൺമെന്റ് 2006 വരെയുള്ളത് 50,000 രൂപവരെ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സഹകരണവകുപ്പുമന്ത്രിയുമായി സംസാരിച്ചു. ഉടൻ തന്നെ അതിന് ആവശ്യമായ പണം അനുവദിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. അപ്പോൾ 2006 വരെയുള്ള 50,000 രൂപ വരെ നമുക്ക് എഴുതിത്തള്ളാൻ കഴിയും. അതിനുശേഷവും പല വകുപ്പുകളിലായി വീടു വയ്ക്കുന്നതിന് ലോൺ വാങ്ങിയതും അതുപോലെ തന്നെ പട്ടികജാതി കോർപ്പറേഷനിൽ നിന്ന് 2000-ന് മുമ്പ് വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി ലോൺ എടുത്ത വളരെ പ്രയാസം അനുഭവിക്കുന്ന ആളുകളുടെയുമൊക്കെ വായ്പ എഴുതിത്തള്ളുവാനുള്ള തീരുമാനം ഗവൺമെന്റ് ഉടൻതന്നെ എടുക്കും. അതിന് എന്തുമാത്രം തുക ആവശ്യമാണ് എന്നത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ സമീപനം ഇത്തരം കാര്യങ്ങളിൽ ഏത് മേഖലയിൽ നിന്നായാലും സാമ്പത്തിക പരിമിതികൾക്കകത്ത് നിന്നുകൊണ്ട് വായ്പ എടുത്തത് പരമാവധി എഴുതി ത്തള്ളുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും എന്ന്

അറിയിക്കുകയാണ്. ഒരു കാലത്തുമില്ലാത്ത തരത്തിൽ 839 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. വളരെ വലിയ വർദ്ധനവാണ് നമുക്ക് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞവർഷം 570 കോടി രൂപയാണെന്നാണ് എനിക്ക് തോന്നുന്നത്. ഇപ്പോൾ 839 കോടി രൂപയാണ് ഇതിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിലുള്ളത്. സ്വാഭാവികമായും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ കാര്യത്തിൽ പരമാവധി ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. അദ്ദേഹം ഇവിടെ ഉന്നയിച്ച ബാക്കിയുള്ള കാര്യങ്ങളെക്കുറിച്ച് വളരെ സജീവമായി തന്നെ പരിശോധിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യും.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, യഥാർത്ഥത്തിൽ ഈ പണമൊന്നും പാവങ്ങൾക്ക് തിരിച്ചടയ്ക്കാൻ കഴിയില്ല. അതൊക്കെ നോൺ പെർഫോമിംഗ് അസറ്റായി കിടക്കുകയാണ്. സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചിട ത്തോളം കിട്ടുന്നത് ലാഭമാണ്. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങൾ വായ്പകളെല്ലാം എഴുതിത്തള്ളണമെന്ന അഭിപ്രായം എനിക്കില്ല. സഹകരണ സ്ഥാപനങ്ങൾ ഈ ഫണ്ടിനുവേണ്ടി ഏത് സ്ഥാപനങ്ങളിൽനിന്നാണോ വായ്പയെടുത്തത് ആ പലിശ കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല. അതേ ഡിപ്പാർട്ട്മെന്റ് കൊടുക്കേണ്ടതുള്ളു. അല്ലാതെ സഹകരണ മേഖല കണക്കാ ക്കുന്ന പലിശയും പിഴപ്പലിശയും കൊടുക്കണമെന്നുപറഞ്ഞാൽ ആ പാവങ്ങൾക്ക് അത് കൊടുക്കാൻ കഴിയില്ല. അങ്ങ് പറഞ്ഞതുപോലെ 839

കോടി രൂപയല്ല അത് ബഡ്ജറ്റിൽ തെറ്റായി വന്നതാണ്. എക്കണോമിക് റിവ്യു വിൽ 1100 കോടി രൂപയുണ്ട്. അതെങ്ങനെയോ മാണി സാറിന് തെറ്റുപറ്റിയ താണ്. അതിൽനിന്നൊന്നും എടുത്തുകൊടുക്കാൻ സാധിക്കില്ല. കോർപ്പസ് ഫണ്ടിൽ നിന്ന് കൊടുക്കാൻ തികയില്ല. അതുകൊണ്ട് ബഡ്ജറ്ററി സപ്പോർട്ട് നിർബന്ധമായും വേണം. അമ്പതിനായിരം എന്നുള്ളത് ഒരു ലക്ഷമാക്കി വർദ്ധിപ്പിക്കുകയും 2013 മാർച്ച് 31-ന് ഉള്ളിലുള്ള കടങ്ങളുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും ചെയ്താൽ കുറേയാളുകളെ രക്ഷിക്കാൻ സാധിക്കും.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> ഇവിടെ സൂചിപ്പിച്ചതുപോലെ 2013 വരെ യുള്ള കടങ്ങളുടെ കാര്യത്തിൽ പിഴപ്പലിശ പൂർണ്ണമായും പലിശയുടെ അമ്പത് ശതമാനവും എഴുതിത്തള്ളുമെന്നുള്ളത് പ്രാവർത്തികമാക്കും. അതു പോലെതന്നെ ഒരു ലക്ഷം രൂപവരെ ആക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കും. കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിൽ വളരെ പോസിറ്റീ വായ സമീപനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുക.

(സബ്മിഷൻസ്)